# CAREER Updates

# പത്രവൃത്താന്തം

01.07.2024 (തിങ്കൾ)




- ⇨ ഇന്ത്യയിൽ ആധുനിക ക്രിമിനൽ നീതി നിർവ്വഹണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ ക്രിമിനൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നത് എന്നാണ്?
- ✔ ജൂലൈ 1, 2024

- ബ്രിട്ടീഷ് ഭരണകാലത്തിന്റെ ശേഷിപ്പുകളായിരുന്ന ഇന്ത്യൻ പീനൽ കോഡ് (ഐ.പി.സി.), ക്രിമിനൽ പ്രൊസീജിയർ കോഡ് (സി.ആറ്.പി.സി.), ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവയ്ക്ക് പകരം ഭാരതീയ ന്യായ സംഹിത (ബി.എൻ.എസ്.), ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (ബി.എൻ.എസ്.എസ്.), ഭാരതീയ സാക്ഷ്യ നിയമം (ബി.എസ്.എ.) എന്നിവയാണ് 2024 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്നത്.
- കുറ്റകൃത്യത്തെ കുറിച്ച് ഏത് സ്റ്റേഷനിലും വിവരം നൽകാൻ കഴിയുന്ന സീറോ എഫ്.ഐ.ആർ., ചെറിയ കുറ്റങ്ങൾക്ക് ശിക്ഷയായി സാമൂഹികസേവനം, ഓഡിയോ, വീഡിയോ ദൃശ്യങ്ങൾ തെളിവായി സ്വീകരിക്കുന്നതിനുള്ള അംഗീകാരം തുടങ്ങി ഇരുപതോളം ശ്രദ്ധേയമായ മാറ്റങ്ങളാണ് പുതിയ ക്രിമിനൽ നിയമത്തിലുള്ളത്.

- ⇨ 2024 ജൂലൈയിൽ കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് ചെയർമാൻ ആയി നിയമിതനായ വ്യക്തി
- ✔ രവി അഗർവാൾ
- ⇨ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെയർമാൻ ആയി അടുത്തിടെ ശിപാർശ ചെയ്യപ്പെട്ട വ്യക്തി
- ✔ സി.എസ്. ഷെട്ടി
- ⇨ ആസ്ട്രിയയിലെയും ചെക്ക് റിപ്പബ്ലിക്കിലെയും പാർട്ടികളെ കൂട്ടി യൂറോപ്യൻ യൂണിയൻ പാർലമെന്റിൽ പേട്രിയറ്റ്സ് ഫോർ യൂറോപ്പ് എന്ന പേരിൽ പുതിയ സഖ്യമുണ്ടാക്കുമെന്ന് പ്രഖ്യാപിച്ച രാജ്യം
- ✔ ഹംഗറി
- ⇨ 2024 ജൂലൈ 1-ന് രൂപീകരിക്കപ്പെട്ടതിന്റെ 75-ാം വാർഷികം ആചരിക്കപ്പെട്ട കേരളത്തിലെ ജില്ല
- ✔ തിരുവനന്തപുരം

CAREER GUIDANCE BUREAU

- ⇨ ഗുജറാത്ത് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തുനിന്നും അടുത്തിടെ വിരമിച്ച മലയാളി
- ✔ കെ. കൈലാഷ്നാഥൻ
- 18 വർഷമായി ഗുജറാത്ത് മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച ഉദ്യോഗസ്ഥനാണ് കെ. കൈലാഷ്നാഥൻ.
- ⇨ വംശനാശ ഭീഷണി നേരിടുന്നവ ഉൾപ്പെടെ എല്ലാ ജീവിവർഗ്ഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജൈവവൈവിധ്യത്തെ സമഗ്രമായും ശാസ്ത്രീയമായും രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് ലിസ്റ്റ് തയ്യാറാക്കിയ ആദ്യ ലോക രാജ്യം
- ✔ ഇന്ത്യ
- ജന്തുജാലങ്ങളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിയുന്നതിനായിട്ടുള്ള കേന്ദ്രസർക്കാർ പോർട്ടലാണ് ഫോണ ഓഫ് ഇന്ത്യ ചെക്ക്ലിസ്റ്റ് പോർട്ടൽ.


കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999